പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3194 18/10/2016 -ൽ മറുപടിയ്ക്ക്

**വേങ്ങാട് ഗോകുലം സംരക്ഷണം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.കെ.മുരളീധരൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. ഊർജ്ജവും ദേവസ്വവും വകുപ്പു മന്ത്രി.** |
| എ) | ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിലുള്ള വേങ്ങാട് ഗോകുലം സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) ഗോകുലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഗോക്കളെ പാഡക്ക് system ആരംഭിച്ച് ഗുരുവായൂർ ദേവസ്വം പരിപാലിച്ചു വരുന്നു. പശുക്കൾക്കായുള്ള ഫാർമസി പരിഷ്ക്കരിച്ചു. മഴവെള്ളം സംഭരിക്കുന്നതിന് മഴവെള്ളകുഴികൾ, തടയണ, റോഡ്, ബണ്ട് എന്നിവ നിർമ്മിച്ചിട്ടുണ്ട്. വേങ്ങാട് ഗോകുലത്തിലെ മിക്ക ഷെഡുകളും റിപ്പയർ വർക്ക് ചെയ്തിട്ടുള്ളതുമാണ്. വൈക്കോൽ, ഫീഡ് എന്നിവ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. |
| ബി) | വേങ്ങാട് ഗോകുലത്തിന്റെ അധീനതയിലുള്ളതും അന്യാധീനപ്പെട്ടതുമായ ഭൂമി തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്. |
| സി) | വേങ്ങാട് ഗോകുലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് ദേവസ്വം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; ഇതിന്റെ പണി എന്നത്തേക്ക് തീർക്കാനാണ് ദേവസ്വം ലക്ഷ്യമിട്ടിരിക്കുന്നത്എന്ന് വിശദമാക്കുമോ? | സി) വേങ്ങാട് എസ്റ്റേറ്റിന്റെ വടക്ക് കിഴക്ക് ഭാഗത്ത് "RCC retaining wall/RR retaining wall and RCC two stories shoppint complex" എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ "rough cost estimate തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വേങ്ങാട് ഗോകുലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസൽ, എസ്റ്റിമേറ്റ് എന്നിവ ദേവസ്വം ഭരണസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ